

കത്തുകൾ

# അരാഷ്ട്രീയവാദികളുടെ കച്ചവട രാഷ്ട്രീയം

**കെ.ടി** ഹുസൈൻ എഴുതിയ 'മുസ്‌ലിം ലീഗിന്റെ വിജയം മതേതരത്വത്തിന്റെ വിജയമോ' (നവംബർ 11) എന്ന ലേഖനമാണ് ഈ കുറിപ്പിന്നാധാരം. ലേഖകൻ പ്രതിനിധാനം ചെയ്യുന്ന സംഘടനയുമായി ഇതെഴുതന്നയാൾക്ക് ബന്ധമൊന്നുമില്ലെങ്കിലും വിഷയം മതേതരത്വവും വർഗീയ-മതയാഥാസ്ഥിതിക ശക്തികളും തമ്മിലുള്ള പോരാട്ടമായതിനാലാണ് ഇടപെടുന്നത്. ഗൗരവമാർന്ന ഒരു വിഷയം കൈകാര്യം ചെയ്യുന്ന ലേഖനത്തിന് എന്തുകൊണ്ടോ വിഷയത്തിന്റെ കനത്തിനനുസരിച്ചുള്ള മൂർച്ച അനുഭവപ്പെട്ടില്ല.

വർഗീയ-മതയാഥാസ്ഥിതിക-പൗരോഹിത്യ ശക്തികളെ ചെറുതായൊന്ന് പ്രഹരിക്കാൻ മാത്രമേ ലേഖകൻ തയാറാവുന്നുള്ളൂ. പ്രശ്നത്തിന്റെ ആഴം ശരിക്ക് മനസ്സിലാക്കിയിരുന്നുവെങ്കിൽ ഇതിനേക്കാൾ മൂർച്ച അദ്ദേഹത്തിന്റെ വാക്കുകൾക്കുണ്ടാകുമായിരുന്നു.

ജനകീയ വികസനമുന്നണികളെക്കുറിച്ച് മുസ്‌ലിം ലീഗുകാർ ഹിന്ദുക്കൾക്കും മുസ്‌ലിം യാഥാസ്ഥിതികർക്കുമിടയിൽ വ്യത്യസ്ത തരത്തിലുള്ള പ്രചാരണം അഴിച്ചുവിട്ടതിനെക്കുറിച്ച് ലേഖകൻ പറയുന്നുണ്ട്. മുസ്‌ലിം ലീഗിന്റെ ചരിത്രത്തെക്കുറിച്ചറിയുന്നവർ ഇതിൽ അത്ഭുതപ്പെടില്ല. മുസ്‌ലിം വൃത്തങ്ങളിൽ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെ മുസ്‌ലിം വിരുദ്ധനും കാഫിറുമായി ചിത്രീകരിച്ചവർ തന്നെയാണ് ഹിന്ദു വർഗീയവാദികളായ ചാലപ്പുറം ഗാങ്ങുമായി ചേർന്നുകൊണ്ട് സാഹിബ് മുസ്‌ലിം വർഗീയവാദിയാണെന്ന് ഹിന്ദു വൃത്തങ്ങളിൽ പ്രചരിപ്പിച്ചത്. ജനകീയ വികസനമുന്നണികൾക്കെതിരെ മുസ്‌ലിം സമുദായത്തിലെ അരാഷ്ട്രീയവാദി മതസംഘടനകൾ ഒറ്റക്കെട്ടായതിൽ അത്ഭുതപ്പെടാനില്ല. മതമെന്നാൽ അവർക്ക് ഏറ്റവും ലാഭമുള്ള ഒരു കച്ചവടമാണല്ലോ. ഇത്തരത്തിൽ ചക്കരക്കുടത്തിന്റെ പേരിലുള്ള കശപിശ കേരള ജനത പലവുരു കണ്ടതാണ്. മുസ്‌ലിം ലീഗിന്റെ ഒരു നേതാവ് ഒരു യാഥാസ്ഥിതിക മത ഗ്രൂപ്പിന്റെ സ്ഥാപനത്തിൽ പോയതിനു ശേഷം മറു ഗ്രൂപ്പിന്റെ സ്ഥാപനത്തിലെത്തിയപ്പോൾ അദ്ദേഹത്തെ എതിരേൽക്കാനുണ്ടായിരുന്നത് കരിങ്കൊടികളായിരുന്നു. മുസ്‌ലിം ലീഗിലൂടെ ചക്കരക്കുടത്തിന്റെ മധുരം നുണയുന്ന ഒരു വിഭാഗം, മറുവിഭാഗമെന്ന മറ്റൊരു പങ്കാളി കൂടിയുണ്ടാകുന്നത് സഹിക്കില്ലല്ലോ. എൻ.ഡി.എഫുമായി അടുക്കാനുള്ള ചില ലീഗ് നേതാക്കളുടെ നീക്കത്തിനെതിരെ ലീഗിനുള്ളിലെ സുന്നി-മുജാഹിദ് വിഭാഗങ്ങൾ ഒന്നിച്ച് രംഗത്തുവരാറുള്ളതിന്റെ പിന്നിലുള്ള കാരണവും ഇതുതന്നെയാണ്. തങ്ങൾ മാത്രം അനുഭവിച്ചിരുന്ന സുഖസൗകര്യങ്ങൾക്ക് മറ്റൊരു പങ്കാളിയുണ്ടാവുന്നത്ആരും ഇഷ്ടപ്പെടില്ല.

ഈ സ്വഭാവം അവർ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. കുഞ്ഞാലി മരയ്ക്കാരുടെയും മമ്പുറം തങ്ങന്മാരുടെയും ആലി മുസ്‌ലിയാരുടെയും മറ്റും ത്യാഗോജ്ജ്വല പോരാട്ടത്തിന്റെ വഴി വിട്ടെറിഞ്ഞു ബ്രിട്ടീഷ് അനുകൂല പ്രമേയം പാസ്സാക്കുകയും ബ്രിട്ടീഷുകാർക്കെതിരെ പോരാടുന്നത് മതവിരുദ്ധമാണെന്ന ഫത്‌വ പുറപ്പെടുവിക്കുകയും ചെയ്ത ചരിത്രം ഇവരുടെ തലതൊട്ടപ്പന്മാർക്കുണ്ടല്ലോ. ഇന്ന് ജനകീയ വികസന മുന്നണിക്കെതിരെ ഇവരൊക്കെ സഹകരിച്ചതിനു പിന്നിലും ഒരു ലക്ഷ്യമുണ്ട്. പഞ്ചായത്തുകളിൽ ജനകീയ മുന്നണിക്കാർ ഉണ്ടായാൽ ഫണ്ടുകൾ മുക്കാനാവില്ല. അതുകൊണ്ടുതന്നെ അതിന്റെ പങ്കുകാരെല്ലാം ഒന്നിക്കുക സ്വാഭാവികമാണ്.

അന്ധവിശ്വാസങ്ങളും യാഥാസ്ഥിതികതയും മുസ്‌ലിം ലീഗുകാർ ഉപയോഗപ്പെടുത്തുന്നത് ഇതാദ്യമല്ല. ഈ തെരഞ്ഞെടുപ്പിൽ അതിന്റെ ഏറ്റവും വൃത്തികെട്ട മുഖം കണ്ടുവെന്നു മാത്രം. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് മതപരമായ പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുമെന്നാണ് ഒരു മുസ്‌ലിം ലീഗ് നേതാവ് പ്രസ്താവിച്ചത്. സ്ത്രീത്വം ഇത്രത്തോളം അവഹേളിക്കപ്പെട്ടിട്ടും ആരും അനങ്ങിയില്ല. മതേതര രാഷ്ട്രത്തിലെ മതേതരമെന്നവകാശപ്പെടുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവാണ് മതപരമായ പെരുമാറ്റച്ചട്ടത്തെക്കുറിച്ച് സംസാരിക്കുന്നത്!

മുസ്‌ലിം സമുദായത്തിലെ നവോത്ഥാന-പുരോഗമനശക്തികൾക്ക് മുമ്പിലെ ഏറ്റവും വലിയ വിലങ്ങുതടി എന്നും മുസ്‌ലിം ലീഗായിരുന്നു. മുസ്‌ലിം സാധാരണക്കാർക്കിടയിലെ അജ്ഞതയും അന്ധവിശ്വാസങ്ങളും ചൂഷണം ചെയ്തുകൊണ്ടാണ്

## ഓ ഒബാമാ

**താങ്കളു**ടെ വരവിൽ സാധുക്കളായ ഞങ്ങൾ എന്തൊക്കെയോ പ്രതീക്ഷിച്ചുപോയി. എൻഡോസൾഫാന്റെയും ഭോപ്പാലിന്റെയും ഇരകളെ താങ്കൾ സാന്ത്വനിപ്പിക്കുമെന്ന് ഞങ്ങൾ മോഹിച്ചു. സ്വാർഥത മാത്രമാണ് താങ്കളുടെ ലക്ഷ്യമെന്ന് വൈകാതെ ഞങ്ങൾ തിരിച്ചറിഞ്ഞു. നാടിനെയും നാട്ടാരെയും പുകഴ്ത്തി ഞങ്ങളുടെ നേതാക്കളെ നിങ്ങൾ പോക്കറ്റിലാക്കി. പാട്ടുപാടിയും നൃത്തം ചവിട്ടിയും കോടികളുടെ കരാറുകൾ താങ്കൾ അടിച്ചെടുത്തു. പാപ്പരായ നിങ്ങൾക്ക് ഞങ്ങളുടെ കൈതാങ്ങ് അനിവാര്യമായിരുന്നു. ജനവിധി എതിരായ സാഹചര്യത്തിൽ കുറെ യുവാക്കൾക്ക് ജോലിയും. ഭീകരതയുടെ അപ്പോസ്തലന്മാരായ നിങ്ങൾ ഭീകരതക്കെതിരെ വാളോങ്ങുന്നു. യഥാർഥ പ്രതിയെ ചിറകിലൊളിപ്പിച്ച് കൂട്ടുപ്രതികളെ വിട്ടുകൊടുക്കാൻ ആജ്ഞാപിക്കുന്നു. പക്ഷേ....... മിസ്സിസ് & മിസ്റ്റർ ഒബാമാ, ഒരു യാഥാർഥ്യം മാത്രം നിങ്ങൾ മനസ്സിലാക്കിയില്ല. പടിഞ്ഞാറ് നോക്കി യന്ത്രങ്ങളായ ഞങ്ങളുടെ ചില ഭരണാധികാരികൾക്കൊഴികെ, ഭാരതത്തിലെ കുഞ്ഞുങ്ങൾക്ക് പോലും നിങ്ങളുടെ തനിനിറം അറിയാമെന്ന യാഥാർഥ്യം.

**ബഷീർ ബഹ്റൈൻ**

പ്രസ്തുത സംഘടന നിലനിൽക്കുന്നത്. മുജാഹിദ് സ്ഥാനാർഥികൾക്ക് വേണ്ടിയും പാണക്കാട് തങ്ങളുടെ പോരിശ പറഞ്ഞുകൊണ്ട് ലീഗുകാർ വോട്ട് പിടിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പിൽ വനിതകൾക്ക് സംവരണം വരുന്നതുവരെ ലീഗുകാരുടെ പെണ്ണുങ്ങൾ അടുക്കളയിലായിരുന്നു. ലീഗിന് പലയിടത്തും വനിതാ കമ്മിറ്റികൾ പോലും നിലവിലുണ്ടായിരുന്നില്ല.

ഇവിടെ ഏറ്റവും വലിയ ആദർശപാപ്പരത്തം നമുക്ക് കാണാനാവുന്നത് ലീഗിന്റെ അടുക്കളയിലേക്ക് പുതുതായി മാർഗം കൂടിയ എ.പി വിഭാഗം സുന്നികളിലാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് എ.പി വിഭാഗം ജിഹ്വയായ *രിസാല*യുടെ നവംബർ 12 ലക്കത്തിൽ വന്ന 'ഇടതു ശവപ്പറമ്പിൽ വിരിയുന്ന താമരപ്പൂ' എന്ന ലേഖനം. ഇടതുപക്ഷത്തോട് അനുഭാവം പ്രകടിപ്പിക്കുന്നുവെന്ന് നടിക്കുന്ന ലേഖനത്തിൽ ലീഗ് പക്ഷപാതിത്വം മറനീക്കി പുറത്തുവരുന്നത് തെരഞ്ഞെടുപ്പിലെ ജനകീയ വികസനമുന്നണി, എസ്.ഡി.പി.ഐ സാന്നിധ്യത്തെക്കുറിച്ച് പറയുമ്പോഴാണ്. ഒരു ശരാശരി മുസ്‌ലിം ലീഗുകാരന്റെ മാനസികാവസ്ഥ എ.പി വിഭാഗം സുന്നി ലേഖകൻ ഇവിടെ സ്വാംശീകരിക്കുന്നു. ലീഗിനെതിരെയുള്ള രാഷ്ട്രീയ നീക്കങ്ങൾ സമുദായത്തിന് ക്ഷീണമാണെന്ന പല്ലവി മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെതിരിൽ മുതൽ തന്നെ ലീഗുകാർ ആവർത്തിക്കുന്നതാണ്. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് കാഫിറായത് ലീഗിനെ എതിർത്തതിന്റെ പേരിലാണ്. പ്രസ്തുത പല്ലവി എ.പി വിഭാഗം സുന്നി ലേഖകൻ ഏറ്റുപിടിക്കുമ്പോൾ ചരിത്രം അയാളെ നോക്കി കൊഞ്ഞനം കാട്ടുകയാണ്. എ.പി വിഭാഗം ലേഖകൻ ഇന്ന് ചൂണ്ടിക്കാട്ടുന്ന വിധത്തിലുള്ള സമുദായത്തെ ക്ഷീണിപ്പിക്കൽ യജ്ഞം ജനകീയ വികസനമുന്നണിയും എസ്.ഡി.പി.ഐയും രൂപം കൊള്ളുന്നതിന് പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ നടത്തിയവരാണ് എ.പി വിഭാഗം സുന്നികൾ. ഇന്ത്യൻ പാർലമെന്റിൽ മുസ്‌ലിംകൾക്കു വേണ്ടി എന്നും ശബ്ദമുയർത്തിയിരുന്ന ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബിനെ പോലും മുജാഹിദാണെന്നാരോപിച്ച എ.പി വിഭാഗം സുന്നികൾ, അദ്ദേഹത്തിനെതിരെ പ്രചാരണം നടത്തിയിട്ടുണ്ട്. ഏതു ചളിക്കുണ്ടിൽ ചാടിയിട്ടാണെങ്കിലും ഭൗതിക നേട്ടങ്ങൾ കരസ്ഥമാക്കാനുള്ള ത്വരയാണ് നാം ഇവിടെ കാണുന്നത്.

**മരിയ കോട്ടക്കൽ**

## സംഘർഷങ്ങളുടെ കഥ

**പി. ഇബ്റാഹീമിന്റെ** 'ഔലിയപ്പാപ്പ' ആൾദൈവങ്ങളുടെയും അവരെ സൃഷ്ടിക്കുന്ന ആരാധകരുടെയും അതുമൂലമുണ്ടായിക്കൊണ്ടിരിക്കുന്ന ആത്മീയ വാണിജ്യവത്കരണത്തിന്റെയും യാഥാർഥ്യങ്ങളെ വരച്ചുകാട്ടുന്നു. മതജീർണതകളുടെ പാരമ്പര്യ കണ്ണികളിലെ പുതിയ അംഗീകാരങ്ങളായി അവ നിലകൊള്ളുന്നു. പൊടുന്നനെയെന്നോണം സംഭവിക്കുന്ന സ്ഥാനമാനത്തിനും സാമ്പത്തിക സുസ്ഥിതിക്കും മധ്യേ ആൾദൈവങ്ങൾ അനുഭവിക്കുന്ന സംഘർഷങ്ങളും നിസ്സഹായാവസ്ഥയും കഥാകാരൻ പുറത്തുകൊണ്ടുവരുന്നു.

അതോടൊപ്പം കഥയുടെ ശീർഷകം ഒരുപാട് പ്രതിപക്ഷത്തെ സൃഷ്ടിക്കുന്നതായിപ്പോയി എന്നു പറയാതിരിക്കാൻ പറ്റില്ല. വലിയ്യ്, ഔലിയ എന്നീ മഹനീയ നാമങ്ങൾ വ്യാജ ദൈവാവതാരങ്ങളിൽ പ്രയോഗിക്കുകയും കഥാന്ത്യം വരെ ആ പദം ആവർത്തിക്കേണ്ടിവരികയും ചെയ്തപ്പോൾ വായനാ സൗന്ദര്യം നഷ്ടമായോ എന്ന് തോന്നിപ്പോകുന്നു. കഥാകൃത്തിന്റെ ഇതുവരെ കണ്ട അനുഗൃഹീതമായ ശൈലിയിൽ നിന്നും ഈ കഥ അറുത്തുമാറ്റപ്പെട്ടതുപോലെ തോന്നി. നന്മ നേരുന്നതോടൊപ്പം അഭിനന്ദനങ്ങളും.

**പുത്തൂർ ഇബ്റാഹീം കുട്ടി ഓമശ്ശേരി**

## പരിണാമവാദത്തിൽ കുടുങ്ങികിടക്കുന്നവർ

**ഡാർവിനിസത്തെപ്പറ്റി** പ്രഫ. പി.എ വാഹിദ് എഴുതിയ ലേഖനം (ഒക്ടോബർ 30) കാണുകയുണ്ടായി. പരിണാമ വാദത്തിന്റെ അസ്വീകാര്യതയെപ്പറ്റി ശാസ്ത്ര ജ്ഞാനമില്ലാത്തവർക്കു പോലും മനസ്സിലാക്കാവുന്ന ചില വസ്തുതകൾ കാണുക.

1. മനുഷ്യൻ ഭൂലോകത്ത് ഉണ്ടായിട്ട് ഏകദേശം 1,50,000 വർഷങ്ങൾ ആയിട്ടുണ്ടാകുമെന്നാണ് ശാസ്ത്രം കണക്കാക്കുന്നത്. ഇത്രയും കാലമായിട്ടും മനുഷ്യനു പരിണാമമുണ്ടായി മറ്റൊരു ഉപരിജീവി ഉണ്ടായില്ല! അപ്പോൾ ലക്ഷക്കണക്കിന് ജീവജാലങ്ങളും അവയുടെ ഉപവിഭാഗങ്ങളും ഉണ്ടാകാൻ എത്ര കോടി വർഷം വേണ്ടിവരും. അത്രയും പ്രായം ഈ ഭൂമിക്കുണ്ടെന്ന് ഒരു ശാസ്ത്രജ്ഞനും പറയുകയില്ല.

2. കുരങ്ങിൽനിന്നും മനുഷ്യനുണ്ടായെന്നാണ് പരിണാമവാദം പറയുന്നത്. അങ്ങനെയെങ്കിൽ കുരങ്ങിന്റെ ഒട്ടുമിക്ക ശരീര ഭാഗങ്ങളും മനുഷ്യനിൽ പറിച്ചുനടാൻ കഴിയണം. എന്നാൽ വൈദ്യശാസ്ത്ര പ്രകാരം അതിനു കഴിയുകയില്ല. പ്രമേഹ രോഗത്തിനുള്ള 'ഇൻസുലിൻ' എന്ന മരുന്ന് പന്നിയിൽനിന്നോ പശുവിൽനിന്നോ ആണ് എടുക്കുന്നത്. കുരങ്ങിൽനിന്നല്ല. ഹൃദയ വാൽവുകൾ മാറ്റി വെക്കാനും ഇതേ സ്ഥിതിതന്നെ. 2002-ലെ ഒരു 'ലോസാഞ്ചൽ' പഠനം പറയുന്നത്, മനുഷ്യനും എലികളും തമ്മിൽ ജീൻ ഘടനയിൽ 99 ശതമാനം പൊരുത്തമുണ്ടെന്നാണ്. കുരങ്ങുമായി അങ്ങനെയില്ല. ഒരു ടോക്കിയോ പഠനത്തിൽ പറയുന്നത്, ചുണ്ടെലികളുടെ ഭ്രൂണത്തിൽ നിന്നെടുത്ത വിത്തുകോശങ്ങളിൽനിന്നും കരളിന്റെ കോശങ്ങൾ വികസിപ്പിച്ചെടുത്ത് കരൾ വീക്കമുള്ള മനുഷ്യർക്ക് മാറ്റിവെക്കാൻ പറ്റുമെന്നാണ്. കുരങ്ങിൽനിന്നും ഇങ്ങനെ ഒരു സാധ്യത ഇല്ല. ഇനിയും പരിണാമവാദത്തിൽ കടിച്ചുതൂങ്ങുകയാണോ നിരീശ്വരവാദികൾ?

**ഡോ. എം. ഹബീബ് ആലപ്പുഴ**

## അറബ് നാടുകളിലെ ഒഴിവ് ദിനങ്ങൾ

**ജനനിബിഡമായ** കേരളീയ നഗരങ്ങളിൽ രണ്ടുതവണയായി ജുമുഅ നടത്തുന്നതിനെക്കുറിച്ച് പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി പ്രകടിപ്പിച്ച അഭിപ്രായം ശ്രദ്ധേയമാണ്. എന്നാൽ അറബ്-ഗൾഫ് നാടുകളിലെ ഒഴിവ് ദിനങ്ങളെ സംബന്ധിച്ച പരാ

മർശം ഈ വിഷയവുമായി ബന്ധപ്പെടുത്തി വലിച്ചിഴക്കേണ്ടതല്ല. നൂറു ശതമാനം മുസ്‌ലിം ജനസംഖ്യയുള്ള ഈ രാഷ്ട്രങ്ങളിൽ നൂറ്റാണ്ടുകൾ മുമ്പേ വെള്ളിയാഴ്ച ഒഴിവ് ദിവസമാണ്. രണ്ടു ദിവസത്തെ അവധി എന്ന രീതി ലോകമൊട്ടാകെ നിലവിൽ വന്നപ്പോൾ ആദ്യം വ്യാഴാഴ്ചയും പിന്നെ അത് മാറ്റി ശനിയാഴ്ചയും ഒഴിവ് ദിനമാക്കി. 'ലോക കമ്പോളത്തി'ന്റെ പേര് പറഞ്ഞ് വെള്ളിയാഴ്ച പ്രവൃത്തി ദിവസമാക്കാൻ ഏതാനും വർഷങ്ങൾക്ക് മുമ്പ് ഖത്തറിൽ ബാഹ്യശക്തികളുടെ സമ്മർദത്താൽ ചില ശ്രമങ്ങൾ നടന്നിരുന്നു. എന്നാൽ ഒരു ജനവിഭാഗത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിനു നേരെയുള്ള കൈയേറ്റമാണിതെന്ന് പറഞ്ഞുകൊണ്ട് ഡോ. യൂസുഫുൽ ഖറദാവി ജുമുഅ ഖുത്വ്ബയിൽ ശബ്ദയമുയർത്തുകയും അധികൃതർ ആ ശ്രമം ഉപേക്ഷിക്കുകയും ചെയ്തു. ഇപ്പോൾ മുഖ്യധാരാ കമ്പനികൾ ആഭ്യന്തര-ഗൾഫ് വിപണികളുമായി ബന്ധപ്പെട്ട ഇടപാടുകൾ ഞായറാഴ്ചയും ഇതര രാഷ്ട്രങ്ങളുമായുള്ളത് തിങ്കൾ മുതൽ വ്യാഴം വരെയും നടത്തുന്നു. അതുകൊണ്ട് ഈ രാജ്യങ്ങൾക്ക് എന്തെങ്കിലും നഷ്ടമുള്ളതായി റിപ്പോർട്ടുകൾ ഇല്ല. മാത്രമല്ല, സാമ്പത്തിക ഇടപാടുകൾക്ക് ഗൾഫ് നാടുകളെ ആശ്രയിക്കേണ്ട അവസ്ഥ യൂറോപ്യൻ രാഷ്ട്രങ്ങൾക്കാണുള്ളത്, മറിച്ചല്ല. അതിനാൽ അവർ ഈ ഒഴിവുകൾക്കനുസരിച്ച് അഡ്ജസ്റ്റ് ചെയ്യാനും തയാറാണ്. കേവലം ജുമുഅക്ക് പോവുക എന്നതിലപ്പുറം അനേകം തലമുറകൾ ശീലിച്ച ഒരു രീതി മാറ്റുന്നത് വേറൊരു രൂപത്തിലാണ് മഹാ ഭൂരിപക്ഷം അറബികളും കാണുന്നത്.

**മുഹമ്മദ് പാറക്കടവ്**
**ദോഹ-ഖത്തർ**

## 'ചൊറുക്കി'ന്റെ അർഥം!

**മലയാള** പ്രസിദ്ധീകരണങ്ങളിൽ തനതായ വ്യക്തിത്വം സ്വീകരിച്ചുകൊണ്ട് അറിവിന്റെ വാതായനങ്ങൾ തുറക്കുക മാത്രമല്ല, ശക്തമായ ഭാഷാശൈലി നൽകികൊണ്ട് മലയാള ഭാഷക്ക് മുതൽക്കൂട്ടാകുക കൂടി ചെയ്യുന്നുണ്ട് എന്നും *പ്രബോധനം.*

അതുകൊണ്ടുതന്നെ ചെറിയൊരു വാചകം പോലും ചെറിയൊരു പ്രാദേശിക ഭാഷയിലേക്ക് ചുരുക്കപ്പെടുമ്പോൾ അലോസരമായി അനുഭവപ്പെടുന്നു. സാഹിത്യത്തിൽ പുതിയ പ്രയോഗങ്ങളും ഗ്രാമഭാഷകളും സ്വീകരിച്ചുകൊണ്ട് സൃഷ്ടികൾ നടത്തിയ പ്രഗത്ഭരെയൊന്നും വിസ്മരിക്കുന്നില്ല. എന്നാൽ അത്തരം ഭാഷാ രീതികൾ ലേഖനങ്ങളിൽ വരികയാണെങ്കിൽ കേരളത്തിന്റെ വിവിധ പ്രദേശങ്ങളുടെ സംസാര പ്രയോഗങ്ങളനുസരിച്ച് വാക്കുകൾക്ക് വ്യത്യസ്ഥ അർഥങ്ങൾ കൽപിക്കപ്പെടുന്നു. 2010 നവംബർ 13-ലെ *പ്രബോധന*ത്തിലെ 'പെരുന്നാൾ ചൊറുക്കുകളിലേക്കുള്ള മടക്കം' എന്ന ലേഖനത്തിലെ 'ചൊറുക്ക്' കപ്പൽ യാത്രക്കാരനുഭവിക്കാനിടയുള്ള ചൊറുക്ക്, ഗർഭിണികളിലുണ്ടാകുന്ന ചൊറുക്ക് എന്നിങ്ങനെ ആഹ്ലാദകരമല്ലാത്ത വാക്കർഥങ്ങളാണ് പലർക്കും തരിക. മലയാളികൾ ഒന്നാകെ വായിക്കുന്ന *പ്രബോധന*ത്തെ കേരളത്തിലെ ഏതെങ്കിലുമൊരു നാട്ടുഭാഷയിൽ ദയവായി തളക്കരുതെന്ന് അഭ്യർഥിക്കുന്നു.

**വി.എ അബ്ദുൽ റസാഖ് ജിദ്ദ**

## സ്നേഹത്തെക്കുറിച്ചു തന്നെ

**ഹദീസ്** പംക്തിയിലെ 'സ്നേഹത്തിന്റെ വില'യെക്കുറിച്ച് ഫൗസിയ ഷരീഫ് എഴുതിയത് വായിച്ചു. എല്ലാവരെയും ഒരുപോലെ സ്നേഹിക്കാൻ കഴിയുമോ? സ്നേഹത്തിന് ഏറ്റക്കുറച്ചിൽ ഉണ്ടാകും. ചിലരെ സ്നേഹിക്കാനേ കഴിയില്ല. സ്നേഹവും അനുസരണവും തമ്മിലും ബന്ധമുണ്ട്. അനുസരണയുള്ള അടിമയെ അല്ലാഹു സ്നേഹിക്കുന്നു. അനുസരണയുള്ള വിദ്യാർഥിയെ അധ്യാപകൻ കൂടുതൽ ഇഷ്ടപ്പെടുന്നു. മക്കളിലെ അനുസരണ ശീലം മാതാപിതാക്കളുടെ അധിക സ്നേഹത്തിനു കാരണമായിത്തീരും. മിക്കവാറും ഭാര്യമാർ ഭർത്താക്കന്മാരുടെ സ്നേഹം കിട്ടുന്നില്ല എന്ന പരാതിക്കാരാണ്. ഭർത്താക്കന്മാർ തിരിച്ചും. ഭാര്യമാരുടെ അനുസരണവും അവർ ഭർത്താക്കന്മാർക്കു നൽകുന്ന പിന്തുണയും അംഗീകാരവും ലഭിക്കാത്തിടത്തോളം ഒരു ഭർത്താവിനും ഭാര്യയെ സ്നേഹിക്കാൻ കഴിയില്ല. അതിനാൽ പരസ്പരം അറിഞ്ഞ് മനസ്സിലാക്കി സ്നേഹിക്കാനും അതു പങ്കിടാനും കഴിയണം. വിവിധ തരത്തിലുള്ള മനസ്സാണ് മനുഷ്യരുടേത്. അത് മനസ്സിലാക്കി പ്രവർത്തിക്കുന്നവർക്കേ സ്നേഹനിർഝരിയുടെ മാധുര്യം നുകരാൻ കഴിയൂ.

**റഫീഖ് ഉസ്മാൻ ദേശം,**
**ചൊവ്വര ആലുവ**

## ആ കഥ വേണ്ടിയിരുന്നില്ല

**പണം** കൊടുത്തു *പ്രബോധനം* വാരിക ദശാബ്ദങ്ങളായി വായിക്കുന്ന ആളാണ് ഞാൻ. ഒരു ഇസ്‌ലാമിക പ്രസിദ്ധീകരണമെന്ന നിലയിൽ നവംബർ 13-ൽ പ്രസിദ്ധീകരിച്ച 'ഔലിയാപ്പാപ്പ' എന്ന കഥയാണ് ഈ കത്തിനാസ്പദം. ഒരു ഭാഷാധ്യാപകനെന്ന നിലയിൽ നിങ്ങളുടെ പ്രസിദ്ധീകരണങ്ങളോട് മതിപ്പുള്ള ആളാണ് ഞാൻ. തെളിഞ്ഞ ഭാഷയിൽ കാര്യങ്ങൾ വ്യക്തമാക്കുന്നതിൽ കാണിക്കുന്ന നിലപാടിനോട് യോജിക്കുമ്പോഴും 'ഔലിയാപ്പ' പോലുള്ള നിലവാരം കുറഞ്ഞ കഥകൾ പ്രസിദ്ധീകരിച്ച് താങ്കളുടെ ആഴ്ചപതിപ്പിലേക്ക് ചെളി തെറിപ്പിക്കരുതെന്ന് അപേക്ഷിക്കുന്നു.

വിഭിന്ന ചിന്താഗതികളെ സമചിത്തതയോടെ ഉൾക്കൊള്ളാൻ കഴിയണം. ലോക ഇസ്‌ലാമിക വാർത്തകളും ലേഖനങ്ങളുടെ തർജമകളുമാണ് ജമാഅത്തുകാരനല്ലാത്ത എന്നെപ്പോലുള്ള ഒരാൾക്ക് *പ്രബോധനം* സ്വീകാര്യമാക്കുന്നത്. മാന്യതയുടെ സീമകൾ ലംഘിച്ചുകൊണ്ടുള്ള ഏതു പ്രവർത്തനത്തിനും അല്ലാഹുവിന്റെ ഭാഗത്തുനിന്ന് കോപമല്ലാതെ കരുണ ലഭിക്കുകയില്ല.

വിദ്യാഭ്യാസത്തിന് വാരിക കൂടുതൽ താളുകൾ നീക്കിവെക്കുന്നത് നന്നായിരിക്കും. നന്മകൾ നേരുന്നു.

**സി.ഇ മുഹമ്മദ് സാലി**
**ഇലിപ്പക്കളം, കായംകുളം**

## തിരുത്ത്

*പ്രബോധനം* (ലക്കം 67/24, 2010 നവംബർ 20) പ്രസിദ്ധീകരിച്ച 'പ്രസ്ഥാന ചരിത്രത്തിലെ നാഴികക്കല്ല്' എന്ന എം. സാജിദിന്റെ ലേഖനത്തിൽ (പേജ് 24) രണ്ടാം ഖണ്ഡികയിൽ "തങ്ങളുടെ ദാസനെ യഥാവിധി മനസ്സിലാക്കുന്നതിൽ പിണഞ്ഞ അമളി...." എന്ന പ്രയോഗം "തങ്ങളുടെ നാഥനെ യഥാവിധി മനസ്സിലാക്കുന്നതിൽ പിണഞ്ഞ അമളി" എന്ന് തിരുത്തിവായിക്കേണ്ടതാണ്.

*എഡിറ്റർ*